# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ഉണർവ്

# സെന്റ് തോമസ് ഹൈസ്കൂൾ

## പുന്നക്കോട്

## പൂയപ്പള്ളി പി.ഒ

## കൊട്ടാരക്കര വിദ്യാഭ്യാസജില്ല

## വെളിയം ഉപജില്ല

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യം
3. വിദ്യാലയത്തിന്റെ ലഘു ചരിത്രം
4. വിദ്യാലയ വികസന കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണം
6. നിലവിലെ അവസ്ഥ
7. പ്രവർത്തനങ്ങൾ
8. പദ്ധതി വിശദാംശം
9. മോണിറ്ററിംഗ്
10. ഉപസംഹാരം

**ആമുഖം:-**

**വിദ്യാഭ്യാസപരമായും സാമ്പത്തികമായും പുരോഗമനപരമായും പിന്നോക്കം നിന്നിരുന്ന ജന വിഭാഗങ്ങൾ അധിവസിക്കുന്ന പൂയപ്പള്ളി പഞ്ചായത്തിലെ പുന്നക്കോട് എന്ന സ്ഥലത്ത് നിന്ന് കിലോമീറ്ററുകൾ താി വേണമായിരുന്നു വിദ്യാലയങ്ങളിലെത്തിച്ചേരാൻ. എന്നാൽ പുന്നക്കോട് ഗ്രാമത്തിന്റെ ഈ ദുരവസ്ഥക്ക് പരിഹാരമെന്നവണ്ണം** 1964 **- ൽ സെന്റ് തോമസ് ഹൈസ്കൂൾ പ്രവർത്തനം ആരംഭിച്ചു. ഈ സ്കൂളിന്റെ വരവോടെ ഗ്രാമത്തിന്റെ മുഖഛായ തന്നെ മാറി. ഈ കലാലയത്തിൽ നിന്നും ഒരോ വർഷവും നൂറ് കണക്കിന് വിദ്യാർത്ഥികൾ ഉന്നത ന ിലവാരത്തോടെ പഠനം പൂർത്തികരിച്ച് ഉപരിപഠനത്തിന് അർഹരായി പുറത്തിറങ്ങുന്നു്.**

ലക്ഷ്യങ്ങൾ:-

- 2018 – ലെ വാർഷിക പരീക്ഷയിൽ $B^+$ ന് മുകളിലുള്ള ഗ്രേഡോടുകൂടിയ നൂറ് ശതമാനം വിജയം.
- ആത്മവിശ്വാസം.
- സ്വാശ്രയബോധം.
- വ്യക്തിത്വ വികസനവും പരസ്പരസഹകരണവും.
- ധാർമ്മിക മൂല്യം.
- അർപ്പണ മനോഭാവം.
- സർഗ്ഗാത്മകശേഷി വികസനം.
- കൃഷി ഒരു സംസ്ക്കാരമായി കാണൽ.
- സാമൂഹിക പ്രതിബദ്ധത.
- സഹജീവി സ്നേഹം.

**വിദ്യാലയത്തിന്റെ ലഘു ചരിത്രം:-**

**വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കം നിന്നിരുന്ന ജനവിഭാഗങ്ങൽ അധിവസിച്ചിരുന്ന പൂയപ്പള്ളി പഞ്ചായത്തിലെ പുന്നക്കോട് എന്ന ഗ്രമാത്തിൽ 1964 ൽ മുളയക്കോണത്ത് ജിജോ കോട്ടേജ്, ചെങ്കൂളം സി.എം ഗീവർഗ്ഗീസ് & ഏലിയാമ്മ എന്നിവരടങ്ങുന്ന മാനേജ്മെന്റ് സെന്റ് തോമസ്സ് എന്ന പേരിൽ ഹൈസ്കൂൾ സ്ഥാപിച്ചു. ഈ സ്കൂളിന്റെ പ്രവർത്തന ഫലമായി ഗ്രാമത്തിന്റെ മുഖഛായ തന്നെ മാറി. കൊട്ടാരക്കര വിദ്യാഭ്യസ ജില്ലയിലെ ഏറ്റവും മികച്ച വിദ്യാലയത്തിനുള്ള ബഹുമതികൾ തുടർച്ചയായി കരസ്ഥമാക്കാനുള്ള അവസരം ഞങ്ങളുടെ സ്കൂളിന് ലഭിച്ചിട്ടു്. എന്നാൽ നിർഭാഗ്യവശാൽ വിജയശതമാനത്തിലെ കുറവ് മൂലം വിദ്യാലയത്തിന്റെ പ്രൗഢിക്ക് അൽപ്പം മങ്ങലേൽക്കാൻ ഇടയായി. 'ഗുണനിലവാരമുള്ള വിദ്യഭ്യാസം കുട്ടികളുടെ അവകാശം' എന്ന പദ്ധതിയുടെയും അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും നല്ലവരായ നാട്ടുകാരുടെയും കുട്ടായ പരിശ്രമത്തിലൂടെ S.S.L.C പൊതു പരീക്ഷയുടെ വിജയശതമാനത്തിലും കുട്ടികളുടെ പൊതു ന ിലവാരത്തിലും പുരോഗതി കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടു്. ഒരോ കുട്ടിയിലെയും കഴിവുകളും പരിമിതികളും തിരിച്ചറിഞ്ഞ് വേ പിൻതുണ നൽകി കൊ് കുട്ടികളുടെ സർഗ്ഗാത്മക ശേഷി വികസിപ്പിച്ച് തുടർച്ചയായി അറബിക് കലോൽസവത്തിൽ 5-ാം തവണയും**

സബ്ജില്ലാതലത്തിൽ ഓവറാൾ കിരീടം നേടാനും 2018- ൽ അറബിക് കലോൽസവത്തിൽ സംസ്ഥാനതലത്തിൽ മോണോ ആക്ടിൽ ഒന്നാം സ്ഥാനം നേടാനും കഴിഞ്ഞു.

വിദ്യാലയ വികസന കാഴ്ചപ്പാട് :-

8, 9, 10 ക്ലാസുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും ഉയർന്ന ഗ്രേഡോടുകൂടിയ നൂറ് ശതമാനം വിജയം കൈവരിക്കുന്നതിനായി S.S.G യുടെ പങ്കാളിത്തം അനിവാര്യമാണ്. അതിനായി പ്രഗത്ഭരായവരുടെ നേതൃത്വത്തിൽ അയൽക്കൂട്ട പഠനകേന്ദ്രങ്ങൾ ആവശ്യമാണ്. ഇതിൽ രക്ഷിതാക്കളുടെ പങ്കാളിത്തവും ഉറപ്പാക്കേതു്. കുട്ടികളുടെ വായനാശീലവും ഭാഷാസ്നേഹവും സർഗ്ഗാത്മകശേഷി വികസനത്തിനും ഒപ്പം രക്ഷിതാക്കൾക്കും പുസ്തകങ്ങൾ വായിക്കാനും അവസരം നൽകാനുദ്ദേശിക്കുന്നു.

വിഷരഹിത പച്ചക്കറി സ്വന്തം വീട്ടുവളപ്പിലും സ്കൂൾ പരിസരത്തും വച്ചുപിടിപ്പിക്കാനും കാർഷികസംസ്കാരം വളർത്താനും ഏത് തൊഴിലിനും അതിന്റേതായ മാന്യത നൽകേതുന്ന് കുട്ടികളെ ബോധ്യപ്പെടുത്താനും ഉദ്ദേശിക്കുന്നു. സഹജീവിസ്നേഹവും അശരണരോട് അനുകമ്പയും വളർത്താനായി അഗതിമന്ദിരങ്ങൾ സന്ദർശിക്കാൻ അവസരമൊരുക്കും.

കാലപ്പഴക്കത്താൽ പകിട്ട് മങ്ങിയ കെട്ടിടങ്ങൾ ആകർഷകമാക്കാന ായി പൂർവ്വ അദ്ധ്യാപക-അനദ്ധ്യാപക വിദ്യാർത്ഥി കൂട്ടായ്മയുടെ സഹകരണം പ്രതീക്ഷിക്കുന്നു. മനേജ്മെന്റിന്റെ പിന്തുണയോടെ എല്ലാ ക്ലാസ്റൂമുകളും ഫാനും ലൈറ്റും മൾട്ടിമീഡിയ സൗകര്യമുള്ളതുമായ ഹൈടെക് റൂമുകളായി കുട്ടികളെ ആകർഷിക്കാൻ ഉതകുന്നതാക്കണം. എല്ലാ കുട്ടികൾക്കം ഇരുന്ന് ആഹാരം കഴിക്കാനുള്ള ഫാനും ലൈറ്റും വൃത്തിയും പ്രസരിപ്പുമുള്ള മെസ്ഹാൾ.

കുട്ടികൾക്ക് ക്ലാസ് റൂമിൽത്തന്നെ സുരക്ഷിതമായി അവരുടെ വർക്കുകൾ സൂക്ഷിക്കാൻ ഉപകരിക്കുന്ന അലമാരകൾ, കായികപരിശീലനം കാര്യക്ഷമമാക്കാനായി ഗ്രൗണ്ടിന്റെ മോടി കൂട്ടണം. അതായത് ഓരോ ഇനത്തിനം വേ കോർട്ടുകൾ, ട്രാക്കുകൾ, ഗാലറി എന്നിവ സ്ഥാപിക്കണം. ആവശ്യമായ ഉപകരണങ്ങളും ലഭ്യമാക്കണം. പ്രകൃതി സൗഹൃദ ടൈൽ പാകിയ മനോഹരമായ പ്രവേശന അങ്കണവും ആകർഷമായ പൂന്തോട്ടവും അതിഥികൾക്കം ഒഴിവുവേളകളിൽ കുട്ടികൾക്കും ഇരിക്കാനായി കമനീയമായ ചാരുബെഞ്ചുകളും മാനസികോന്മേഷം പകരുന്ന ഔഷധത്തോട്ടവും, ന ക്ഷത്രവനവും ഭാവനയിലു്. എല്ലാ ക്ലാസ്മുറികളും ടൈൽപതിച്ച് വൃത്തിയാക്കുന്നതോടൊപ്പം ക്ലാസുകളുടെ ഇടഭിത്തികളുടെ അർദ്ധാവസ്ഥ മാറ്റി സമ്പൂർണ്ണ ഭിത്തികളാക്കാനും ആഗ്രഹിക്കുന്നു. പ്ലാസ്റ്റിക് വിമുക്ത കാമ്പസിനോടൊപ്പം പരിസരവാസികൾക്കം ബോധവത്ക്കരണം നൽകാനും ലഹരി വിമുക്ത സമൂഹത്തിനായി കോളനി കേന്ദ്രീകരിച്ച് പ്രവർത്തനം നടത്താനും പദ്ധതിയു്. പൂർവ്വ വിദ്യാർത്ഥികളായ പ്രവാസികളുടെ സഹായത്തോടെ സ്റ്റേജ് ന വീകരണം ലക്ഷ്യമിടുന്നു.
കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കാനായി ഫീഡിങ്ങ് സ്കൂളുകളുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്താൻ പദ്ധതിയിട്ടു.

സ്കൂൾ വാർഷികാഘോഷത്തോനുബന്ധിച്ച് കുട്ടികളുടെ കലാപരിപാടികൾക്കൊപ്പം അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും കലാപരിപാടികൾ ഉൾപ്പെടുത്തിക്കൊ് നാടിനെ ഉണർത്താനും ആവേശാനുഭവം പകരാനും ഉദേശിക്കന്നു. സ്കൂളിലെ പ്ര ധാന പരിപാടികളുടെ ചിത്രങ്ങൾ സഹിതം ഉൾപ്പെടുത്തി വിദ്യാലയസ്മൃതി കലർ/ മാഗസിൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു. എല്ലാ കുട്ടികൾക്കും പഠനപ്രവർത്തനങ്ങൾക്കാവശ്യമായ റഫറൻസ് പുസ്തകങ്ങളുടെ ലഭ്യത ഉറപ്പു വരുത്താനും ആനുകാലിക പ്രസിദ്ധീകരണങ്ങൾ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സഹകരണത്തോടെ ലഭ്യമാക്കാനും ഉദ്ദേശിക്കുന്നു. J.R.C യുടെ നേ

ത്യത്വത്തിൽ സർക്കാർ ആശുപത്രിയിലെ രോഗികൾക്ക് അഗതികൾക്ക് ആഴ്ചയിലൊരിക്കൽ പൊതിച്ചോറ് നൽകാനും പദ്ധതിയു്. എല്ലാ കുട്ടികൾക്കം ഐ.ടി, സാങ്കേതികവിദ്യ, നവമാധ്യമങ്ങൽ (ഇന്റർനെറ്റ്......) പ്രയോജനപ്പെടുത്തി മികവുകൾ സമൂഹവുമായി പങ്കിടാൻ അവസരം ഒരുക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് വരുന്നു.

ഹൈസ്കൂൾ പഠനത്തിന് ശേഷം ഇവിടെത്തന്നെ തുടർന്നു പഠിക്കാനായി ഹയർസെക്കന്ററി വിഭാഗവും ഉടൻ പ്രതീക്ഷിക്കന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താനും വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കാനും ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നു.

## പദ്ധതി രൂപീകരണം

1. SRG യോഗത്തിൽ വിഷൻ 2020 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
2. വികസന ആവശ്യങ്ങൾ വിഷയ അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
3. കരട് രൂപരേഖ, രാഷ്ട്രീയ സംഘടനാപ്രതിനിധികൾ, ജനപ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥിസംഘടന, പൂർവ്വ അദ്ധ്യാപകസംഘടന, തുടങ്ങിയവർ അടങ്ങുന്ന ശിൽപ്പശാലയിൽ അവതരിപ്പിക്കൽ.
4. ശിൽപ്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
5. പി.ടി.എ യുടെ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

## നിലവിലെ അവസ്ഥ:-

- അടച്ചുറപ്പില്ലാത്ത ക്ലാസ് മുറികൾ.
- കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള ടോയ്‌ലറ്റുകളുടെ അഭാവം.
- ഭാഗികമായ ചുറ്റുമതിൽ.
- പരിമിതമായ വാഹനസൗകര്യം.
- ഹൈടെക് ക്ലാസ് റൂമുകളുടെ അപര്യാപ്തത.
- ലാബ്- ലൈബ്രറി സജ്ജീകരണങ്ങളുടെ കുറവ്.
- മെച്ചപ്പെട്ട കളിസ്ഥലത്തിന്റെ അഭാവം.
- മാനേജ്മെന്റിന്റെ പിന്തുണ ഇല്ലായ്മ.
- പഠനകാര്യങ്ങളിൽ രക്ഷാകർത്താക്കളുടെ ശ്രദ്ധക്കുറവ്.

## അദ്ധ്യാപകർ - നിലവിലെ അവസ്ഥ

| വിഭാഗം | അദ്ധ്യാപകരുടെ എണ്ണം | സ്ഥിരം അദ്ധ്യാപകർ | താത്ക്കാലിക നിയമനങ്ങൾ | 3 വർഷത്തിൽ കൂടുതലായി ഇതേ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|
| H.S | 11 | 11 | - | 11 |

## 2017 - 18 അക്കാദമികവർഷത്തിലെ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | VIII | | IX | | X | | ആകെ | |
|---|---|---|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| ആകെ | 29 | 22 | 34 | 22 | 41 | 33 | 104 | 77 |
| | 51 | | 56 | | 74 | | 181 | |

## വിദ്യാലയത്തിന്റെ അവസ്ഥ വിശകലനം:

ആദ്യകാലങ്ങളിൽ ധാരാളം കുട്ടികൾ ഇവിടെ പഠിച്ചിരുന്നു. അംഗീകാരമില്ലാത്ത വിദ്യാലയങ്ങളുടെ കടന്നുകയറ്റം മൂലം താരതമ്യേന കുട്ടികളുടെ എണ്ണത്തിൽ കുറവുായി. മതിയായ വാഹനസൗകര്യം ഇല്ലാത്തതും ഈ വിദ്യാലയം നേരിടുന്ന ഒരു പ്രശ്നമാണ്.

## വിദ്യാലയത്തിന്റെ മികവുകൾ

## മികവുകൾ

1. അർപ്പണ ബോധത്തോടെ പ്രവർത്തിക്കുന്ന സ്കൂൾ മാനേ ജിംഗ് കമ്മിറ്റി സ്കൂളിനു്.
2. ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന അദ്ധ്യാപകർ
3. കർമ്മനിരതരായ പി.ടി.എ
4. നല്ലവരായ നാട്ടുകാർ
5. തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പൂർണ്ണ പിന്തുണ
6. കലാകായിക മത്സരങ്ങളിൽ തുടർച്ചയായി മികവ് തെളിയിച്ച കുട്ടികൾ
7. പൊതുപരീക്ഷയിലെ ഉയർന്ന വിജയശതമാനം

## പരിമിതികൾ

1. വാഹനസൗകര്യം പരിമിതം
2. പഠനകാര്യത്തിൽ ശ്രദ്ധിക്കാൻ സമയക്കുറവുള്ള രക്ഷാകർത്താക്കൾ

## വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ്സ് മുറി | 10 | 2 |
| ആൺകുട്ടികളുടെ ടോയ്ലെറ്റ് | 2 | 3 |
| പെൺകുട്ടികളുടെ ടോയ്ലെറ്റ് | 3 | 2 |
| സുരക്ഷിതവും ആവശ്യാനുസരണം ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള കുടിവെള്ള സൗകര്യം | കിണർ ഉ് | നവീകരണം |
| പ്രധാനാദ്ധ്യാപകന്റെ മുറി | 1 | |
| ചുറ്റുമതിൽ | ഭാഗികം | പൂർണ്ണം |
| കളിസ്ഥലം | ഉ് | നവീകരണം |
| അടുക്കള | ഉ് | നവീകരണം |

## വിദ്യാലയത്തിന്റെ ഐ.ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കംപ്യൂട്ടർ -ഡസ്ക്റ്റോപ്പ് | 5 | 4 |
| ലാപ്റ്റോപ്പ് | 3 | 4 |
| പ്രൊജക്ടർ – എൽ.സി.ഡി | 1 | 1 |
| റേഡിയോ | - | - |
| ടി.വി | - | 1 |
| വിക്ടർ ചാനലിന്റെ ലഭ്യത | ഇല്ല | - |
| ഡി.വി.ഡി പ്ലെആക്ത | - | - |
| ഇന്റർനെറ്റ് കണക്ഷൻ | ഉ് | - |

## വിജയശതമാനം

| വർഷം | കുട്ടികളുടെ എണ്ണം | വിജയിച്ചവരുടെ എണ്ണം | ശതമാനം |
|---|---|---|---|
| 2014 | 74 | 72 | 97.3 |

| | | | |
|---|---|---|---|
| 2015 | 78 | 78 | 100 |
| 2016 | 60 | 56 | 93.3 |
| 2017 | 51 | 50 | 99 |

## പ്രവർത്തനങ്ങൾ

### മികവിനായി ഏറ്റെടുക്കേ പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷിവികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• വായനാപരിപോഷണം<br>• ശാസ്ത്രപോഷണ പരിപാടി<br>• ലൈബ്രറി ശാക്തീകരണം<br>• ലബോറട്ടറി ആധുനികവത്ക്കരിക്കൽ<br>• ജൈവ വൈവിധ്യ പാർക്ക്<br>• പച്ചക്കറിത്തോട്ടം<br>• ദിനാചരണം<br>• കായിക പഠനം | • ചുറ്റുമതിൽ<br>• സ്റ്റാഫ് മുറി<br>• മൾട്ടി മീഡിയ റൂം<br>• ലൈബ്രറി<br>• അടുക്കള<br>• ഡൈനിംഗ് ഹാൾ<br>• കുടിവെള്ള വിതരണം<br>• മാലിന്യസംസ്കരണം<br>• ടോയ്‌ലെറ്റ്<br>• ലബോറട്ടറി | • പി.ടി.എ ശക്തിപ്പെടുത്തൽ<br>• വിദ്യാലയ വികസനസമിതി<br>• പൂർവ്വ വിദ്യാർത്ഥിസംഘടന<br>• ഗ്രന്ഥശാലകൾ,സന്നദ്ധ സംഘടനകൾ വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാദ്ധ്യാപകർ,സഹകരണസ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>• വിദ്യാലയമികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |

# പദ്ധതി വിശദാംശം

**മേഖല: അക്കാദമിക്** **ഉപമേഖല: മലയാളം**

| Sl.No | Programme | Activity | Duration | പിന്തുണ |
|---|---|---|---|---|
| 1. | ഭാഷാപരമായപിന്നോക്കാവസ്ഥ പരിഹരിക്കൽ (കൈത്തിരി) | 1. എട്ടാം ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി പിന്നക്കകാരെ കത്തെുന്നതിനായി പ്രീടെസ്റ്റ് അതായത് അവർക്ക് ഇഷ്ടപ്പെട്ട ഒരു വ്യക്തിയെക്കുറിച്ച് അഞ്ച് വാചകങ്ങൾ എഴുതാനായി പ്രവർത്തനം നൽകുന്നു.<br>2. പിന്നോക്കം നിൽക്കുന്നവരെ മുഖ്യധാരയിലെത്തിക്കാനായി അക്ഷരം പരിചയപ്പെടുത്തുന്നു .<br>3. ചിഹ്നം ചേർത്തും ചേർക്കാതെയും പരമാവധി വാക്കുകൾ നിർമ്മിക്കുന്നു.<br>4. വാക്കുകളിലൂടെ വാക്യം നിർമ്മിക്കാനും വ്യാകരണ നിയമങ്ങൾ പാലിക്കാനും സ്വന്തം അഭിപ്രായങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിക്കുന്നു. | 3 മാസം | ഭാഷാദ്ധ്യാപകർ, ക്ലാസ്സദ്ധ്യാപകർ, പി.ടി.എ,ക്ലാസിലെ സമർത്ഥരായ കുട്ടികൾ, എച്ച്.എം |
| 2. | കുട്ടികളെ മികച്ച എഴുത്തകാരാക്കുക | 1. ഒരു അക്ഷരം നൽകിയിട്ട് അതുപയോഗിച്ച് ചിഹ്നം ചേർത്തും ചേർക്കാതെയും പരമാവധി വാക്കുകൾ നിർമ്മിക്കൽ<br>2. ഏതാനുംതെരഞ്ഞെടുത്ത അക്ഷരങ്ങൾ ഉപയോഗിച്ച് പരമാവധി വാക്കുകൾ നിർമ്മിക്കൽ.<br>3. വാക്യശുദ്ധിയോടെ വാചകങ്ങൾ നിർമ്മിക്കൽ<br>4. ഒരു വാക്യം നൽകിയിട്ട് അതിനോട് ആര് ? ഏത്? ആരെ? എന്ത്? എവിടെ? എപ്പോൾ? തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിച്ചാൽ കിട്ടുന്ന ഉത്തരങ്ങൾ ഭാവനയ്ക്കനുസരിച്ച് വികസിപ്പിച്ച് ശീർഷകം നൽകി കഥാരചന നിഷ്പ്രയാസം ന | 4 മാസം | എച്ച്.എം, ഭാഷാദ്ധ്യാപകർ, ക്ലാസ്സദ്ധ്യാപകർ, പി.ടി.എ |

| | | | | |
|---|---|---|---|---|
| 3. | കുട്ടികളെ മികച്ച വായന ക്കാരാക്കുക | ടത്താം<br>5. കുട്ടികളുടെ ഈ രചനകൾ കൈയ്യെഴുത്ത് പതിപ്പാക്കി സ്കൂളിൽ സൂക്ഷിക്കാം.എഴുത്തിന്റെ ലോകത്തിലൂടേ താനേ വായന യുടെ ലോകത്തത്തേയ്ക്കും<br><br>1. ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കൽ<br>2. ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി ന വീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനാക്കുറിപ്പ് തയ്യാറാക്കൽ<br>6. പത്രവായന<br>7. പുസ്തക ചർച്ച<br>8. വായനാക്കുറിപ്പ് പതിപ്പാക്കുക<br>9. ദിനാചരണങ്ങൾ<br>10. സാഹിത്യകാരൻമാരുമായുള്ള സംവാദം, അഭിമുഖം<br>11. നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി, ബ്ലോഗ് രൂപീകരിക്കൽ<br>12. വായനാക്കൂട്ടം രൂപീകരണം | 5 മാസം | അദ്ധ്യാപകർ, രക്ഷിതാക്കൾ, പി.ടി. എ, ഗ്രന്ഥശാലകൾ, ഇന്റർനെറ്റ് പിന്തുണ |

**മേഖല: അക്കാദമിക്** **ഉപമേഖല: ഇംഗ്ലീഷ്**

| Sl.No | Programme | Activity | Duration | Support |
|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | 1. പഠനനിലവാരം കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു<br><br>2. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക ബാച്ചുകളായി തിരിച്ച് ക്ലാസ്സ് നടത്തുന്നു.<br><br>3. തുടർന്നുള്ള ആഴ്ചകളിൽ അവരുടെ പുരോഗതി വിലയിരുത്തുന്നു.<br><br>4. വ്യത്യസ്തങ്ങളായ ടീച്ചിംഗ് എയ്ഡുകൾ, ചാർട്ട് പേപ്പർ, തുടങ്ങിയവ ക്ലാസ്സിൽ ഉപയോഗിച്ച് കുട്ടികളെ കൂടുതൽ ഉത്സാഹഭരിതരാക്കാൻ ശ്രമിക്കുന്നു.<br><br>5. കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുമ്പോൾ മറ്റ് കുട്ടികളോടൊപ്പം തന്നെയുള്ള പ്രവർത്തന ങ്ങളിൽ പങ്കെടുപ്പിക്കുന്നു.<br><br>6. റോൾ പ്ലേ നടത്തുമ്പോൾ പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുന്നു.ഇതുമൂലം കുട്ടികൾക്ക് പുതിയ വാക്കുകളും ആശയങ്ങളും ലഭിക്കുന്നതിനും ഇംഗ്ലീഷിലുള്ള പ്രാഗത്ഭ്യം വർദ്ധിക്കുകയും ചെയ്യുന്നു.<br><br>7. ഡയറി റൈറ്റിംഗ് പഠിപ്പിക്കുന്നതിലൂടെ കുട്ടികൾക്ക് എഴുതാനുള്ള കഴിവ് വർദ്ധിക്കുന്നു. അതുമാത്രമല്ല പാഠഭാഗത്തിലെ കാര്യങ്ങൾ കൂടുതൽ വ്യക്തതയോടെ ശ്രദ്ധിക്കാനും കഴിയുന്നു.<br><br>8. അസംബ്ളിയിൽ കുട്ടികളെക്കൊണ്ട് പ്രതിജ്ഞ, വാർത്ത വായന | 4 മാസം<br><br>ര് ആഴ്ച<br><br>ര് ആഴ്ച<br><br>മാസത്തിൽ ര് | ഭാഷാദ്ധ്യാപകർ, ക്ലാസ്സ് അദ്ധ്യാപകർ, പി.ടി.എ ക്ലാസ്സിലെ സമർത്ഥരായ കുട്ടികൾ<br><br>ഭാഷാദ്ധ്യാപകർ, ക്ലാസ്സ് അദ്ധ്യാപകർ, പി.ടി.എ, ക്ലാസ്സിലെ സമർത്ഥരായ കുട്ടികൾ |

| | | | | |
|---|---|---|---|---|
| | | എന്നിവ ഇംഗ്ളീഷിൽ ആക്കുമ്പോൾ കുട്ടികൾക്ക് കേൾക്കുകയും അവർ ക്രമേണ ഭാഷയുടെ ഉപയോഗങ്ങളും രീതികളും മനസ്സിലാക്കുന്നു.<br><br>9. ലൈബ്രറി ബുക്കുകൾ കുട്ടികളെക്കൊ് വായിപ്പിച്ച് അതിലുള്ള പോയിന്റുകൾ രേഖപ്പെടുത്താൻ പറയുന്നു. അതിലൂടെ കുട്ടികളുടെ വായന യുടെ കഴിവും എഴുതാനുള്ള വർദ്ധിപ്പിക്കാൻ കഴിയുന്നു. | പ്രാവശ്യം<br><br>എല്ലാമാസവും ഒരുപ്രാവശ്യം | |

**മേഖല: അക്കാദമിക്** **ഉപമേഖല: ഹിന്ദി**

**<u>ലക്ഷ്യങ്ങൾ</u>**

- ❖ എല്ലാ കുട്ടികൾക്കും ഹിന്ദി ആസ്വാദകരമായും, ഫലപ്രദമായും എഴുതുവാനും, വായിക്കുവാനും, സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ❖ ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികളുടെ സംസ്കാരവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- ❖ ഹിന്ദി ഭാഷാ ധാരാളം കേൾക്കുവാനുള്ള അവസരം സൃഷ്ടിച്ച് ഹിന്ദി ഭാഷയോടുള്ള താത്പ്പര്യം വർദ്ധിപ്പിക്കുക.

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല, മോണിറ്ററിംഗ് |
|---|---|---|---|
| ഹിന്ദി ക്ലാസ്സ് ലൈബ്രറി | ഓരോ ക്ലാസ്സിന്റേയും ന ിലവാരം അനുസരിച്ചുലള്ള പുസ്തകങ്ങൾ ശേഖരിക്കുന്നു | 2018 ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകൻ, ഹിന്ദി ക്ലബ്ബ് |
| ഹിന്ദി ഡിജിറ്റൽ ലൈബ്രറി | വായന സാമഗ്രികളുടെ ഡിജിറ്റൽ വിഭവങ്ങൾ, പ്രോഗ്രാം, ചിത്രകഥകൾ, കാർട്ടൂണുകൾ, അക്ഷരകളികൾ, ഡിക്ഷണറി, മുതലായവ ശേഖരിച്ച് വായന പ്രോത്സാഹിപ്പിക്കുക | 2018 ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകൻ, ഹിന്ദി ക്ലബ്ബ് |
| ICT ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കുന്നു | പാഠഭാഗങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നു ICT പാഠഭാഗങ്ങൾ ലളിതമാക്കുന്നു | 2018 ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകൻ |
| ഹിന്ദി കോർണർ | ഹിന്ദി കോർണർ എല്ലാ ക്ലാസ്സുകളിലും തയ്യാറാക്കുന്നു.കുട്ടികളുടെ ഉത്പ്പന്നങ്ങൾ, പോർട്ട് പോളിയോ തുടങ്ങിയവ അവതരിപ്പിക്കുകയും ചെയ്യുന്നു | 2018 ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകൻ, വിദ്യാർത്ഥികൾ |
| | ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ളി, പരമാവധി | | |

| | | | |
|---|---|---|---|
| ഹിന്ദി അസംബ്ളി, | കുട്ടികളുടെ പങ്കാളിത്വത്തോടെ ഉറപ്പാക്കുന്നു. വാർത്തകൾ, മഹത്വയനങ്ങൾ, വായനാക്കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തുന്നു | 2018 ജൂൺ മുതൽ, | ഹിന്ദി അദ്ധ്യാപകൻ,ഹിന്ദി ക്ലബ്ബ് |
| ദിനാചരണങ്ങൾ ഹിന്ദിയിൽ | ദിനാചരണങ്ങൾ ക്ലബ്ബിന്റെ നേതൃത്വത്തിൽ മുന്നൊരുക്കങ്ങൾ നടത്തി ക്ലാസ്സ് റൂം പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് നടത്തുന്നു | 2018 ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകൻ, ഹിന്ദി ക്ലബ്ബ് |
| ഹിന്ദി ഡയറി | ഓരോ ആഴ്ചയിലും ഹിന്ദി പിരിയഡുകളിൽ ആദ്യ 5 മിനിറ്റ് ഹിന്ദി ഡയറി അവതരണത്തിന് മാറ്റി വയ്ക്കുന്നു | 2018 ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകൻ |
| ഹിന്ദി സാഹിത്യോത്സവം | ഹിന്ദി വാരാഘോഷവുമായി ബന്ധപ്പെട്ട് കലോത്സവം നടത്തുന്നു | 2018 ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകൻ,ഹിന്ദി ക്ലബ്ബ് |
| ഹിന്ദി കൈയ്യെഴുത്ത് | കുട്ടികളുടെ ഉത്പ്പന്നങ്ങൾ ഉൾപ്പെടുത്തി കൈയ്യെഴുത്ത് മാസിക തയ്യാറാക്കുന്നു | 2018 ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകൻ, പി.ടി.എ |

## മേഖല: അക്കാദമിക്                    ഉപമേഖല: സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ശാസ്ത്രത്തിൽ പിന്നോക്കം നിൽ ക്കുന്ന കുട്ടികളെ കത്തെുക | കുട്ടികളുടെ പഠനനിലവാരം കത്താൻ പ്രീ ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും വിലയിരുത്തുന്നു | 1 ആഴ്ച | സയൻസ് ടീച്ചർ | 200 രൂപ (ഫോട്ടോസ്റ്റാറ്റ്) |
| 2. പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുഖ്യധാരയിലേക്ക് കൊുവരിക | • കുട്ടികളെ പഠനനിലവാരത്തിന്റെ അടിസ്ഥാനത്തിൽ വിവിധ ഗ്രൂപ്പുകളാക്കുന്നു. | 3 മാസം | സയൻസ് ടീച്ചർ | |
| | • കുട്ടികൾതന്നെ ചോദ്യാവലി തയ്യാറാക്കുന്നു | 3 മാസം | സയൻസ് ടീച്ചർ | |
| | • Test series നടത്തി Remedial teaching, team teaching എന്നിവ സംഘടിപ്പിക്കുന്നു | 3 മാസം | സയൻസ് ടീച്ചർ | |
| | • പഠനത്തിൽ മികച്ച നിലവാരം പുലർത്തുന്ന കുട്ടികളുടെ നേതൃത്വത്തിൽ പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | | | |
| | • സയൻസ് ഡയറിയിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉാവുകയും അത് പരിശോധിക്കുകയും ചെയ്യുന്നു. | | | |
| 3. ശാസ്ത്രാഭിരുചി വളർത്തിയെടുക്കുന്നു | • ശാസ്ത്രമാസികകൾ വായനയ്ക്കായി നൽകുന്നു | | സയൻസ് ടീച്ചർ | 500 രൂപ മാസികവരിസംഖ്യ |
| | • ശാസ്ത്രക്വിസ് എല്ലാമാസവും നടത്തി കുട്ടികൾക്ക് പ്രോത്സാഹനസമ്മാനങ്ങൾ നൽകുന്നു | | സയൻസ് ക്ലബ്ബ് കൺവീനർ | 500 രൂപ പ്രസന്റേഷൻ |
| | • സെമിനാർ,പ്രോജക്ട് എന്നിവ പഠന വിഷയവുമായി ബന്ധപ്പെട്ട് നൽകുകയും അതിൽ എല്ലാകുട്ടികളുടേയും പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുന്നു. | | സയൻസ് ടീച്ചർ | |
| | • ശാസ്ത്രജ്ഞൻമാരുടെ | | | |

| | | | | |
|---|---|---|---|---|
| 4. പരീക്ഷണപാടവം വളർത്തിയെടുക്കുന്നു | ജീവചരിത്രം അടിസ്ഥാനമാക്കിയുള്ള CD പ്രദർശനം, ശാസ്ത്രനാടകം എന്നിവ അവതരിപ്പിക്കുന്നു.<br>• ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു<br>• സയൻസ് എക്സിബിഷൻ സംഘടിപ്പിക്കുന്നു<br>• ശാസ്ത്രജ്ഞന്മാരുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു.<br>• സയൻസ് ലാബ് നവീകരിക്കുന്നു.<br>• പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചെയ്യാൻ ഓരോ കുട്ടിക്കും അവസരം ഒരുങ്ങുന്നു.<br>• Practical exam മൂല്യനിർണ്ണയത്തിന്റെ ഭാഗമാകുന്നു | 1 അക്കാദമികവർഷം | സയൻസ് ടീച്ചർ, സയൻസ് ക്ലബ്ബ്, SRG<br>SRG സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ് കൺവീനർ, PTA, SRG<br>സയൻസ് ക്ലബ്ബ് കൺവീനർ, SRG<br>PTA പ്രാദേശിക പ്രവർത്തനഫ് | 500<br>2000<br>1000<br>500<br>20,000 |

## മേഖല: അക്കാദമിക് ഉപമേഖല: മാത്തമാറ്റിക്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഗണിതത്തോടുള്ള ഭയം ഇല്ലാതാക്കുന്നു. കുട്ടികൾക്ക് ഗണിതത്തിൽ താത്പ്പര്യം വളർത്തുക<br><br>• ഗണിതമേളകളേയും, ഗണിതപരീക്ഷകളേയും ആത്മവിശ്വാസത്തോടെ നേരിടാനും ഗണിതപരീക്ഷയിൽ ഉയർന്ന മാർക്ക് നേടാനും എല്ലാകുട്ടികളേയും പ്രാപ്തരാക്കുക | 1) പഠനനില കത്തൊൻ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കത്തുന്നു. | മാസത്തിൽ ര ുതവണ | Maths tr SRG | 200 |
| | 2) പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | ദിവസം | Maths tr | 500 |
| | 3) ഓരോ ദിവസവും പുതിയതായി ലഭിക്കുന്ന ഗണിതവുമായി ബന്ധപ്പെട്ട അറിവുകൾ രേഖപ്പെടുത്തി ഡയറി എഴുതിക്കുന്നു | മാസത്തിൽ ഒരു തവണ | Maths tr | 200 |
| | 4) എല്ലാ ക്ലാസ്സുകളിലും മാസത്തിൽ ഒരിക്കൽ ഒരു ഗണിത ക്വിസ്സ് നടത്തുന്നു. | | Maths club | 1000 |
| | 5) ഗണിതവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ വിവിധ പരിപാടികൾ നടത്തി സ്കൂളിൽ ആഘോഷിക്കുന്നു. | | Maths club | |
| | 6) ഓരോ ക്ലാസ്സിലും ഓരോ പാഠത്തിലേയും ഗണിതാശയങ്ങൾ മാത്രം പ്രത്യേകം എഴുതി സൂക്ഷിക്കുന്നു. | ഓരോ പാഠം കഴിയുമ്പോഴും<br>വാരാന്ത്യം | Maths teacher | |
| | 7) ക്ലാസ്സുകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അവരുടെ പോരായ്മകൾ തിരിച്ചറിഞ്ഞ് അവ ഒഴിവാക്കി മുന്നോട്ട് വരാൻ വേി അത്തരം കുട്ടികൾക്ക് **remedial** ക്ലാസ്സുകൾ എടുക്കുന്നു | വർഷത്തിൽ ഒരു തവണ | Maths teacher | 1500 |
| | 8) ഗണിത പതിപ്പുകലൾ, മാഗസിനുകൾ ഇവ തയ്യാറാക്കൽ | വർഷത്തിൽ ഒരു തവണ | Maths club | 2000 |

| | | | | |
|---|---|---|---|---|
| | 9) വിവിധതരം പസിലുകളുടെ അവതരണം<br>ജാമ്യതീയ പാറ്റേണുകൾ, ജാമ്യതീയ രൂപങ്ങൾ, മറ്റ് ഗണിതവുമായി ബന്ധപ്പെട്ട വസ്തുക്കൾ ഇവയുടെ നിർമ്മാണവും പ്രദർശനവും സംഘടിപ്പിക്കൽ<br><br>10) ഗണിതലാബ് തയ്യാറാക്കുന്നു | | Maths club<br><br>Maths teacher and PTA | 5000 |

## മേഖല: അക്കാദമിക്        ഉപമേഖല: സാമൂഹികശാസ്ത്രം

| Sl. No | Programme | Activity | Duration | Material | Support | Expense |
|---|---|---|---|---|---|---|
| 1 | പഠന പിന്നോക്കാവസ്ഥ കണ്ടെത്തി പരിഹരിക്കൽ | 1. Pre – test<br>2.പഠന പിന്നോക്ക മേഖലകൾ കണ്ടെത്തൽ<br>3. സാമൂഹ്യശാസ്ത്ര വിഷയത്തോട് താത്പ്പര്യം ജനിപ്പിക്കൽ<br>4. സാമൂഹികപ്രശ്നങ്ങൾ ഉൾപ്പെടുത്തി സ്കിറ്റുകൾ ലഘുവിവരണങ്ങൾ അവതരിപ്പിക്കുകയും അതുമായി ബന്ധപ്പെട്ട അനുഭവസ്ഥരുടെ വാക്കുകൾ ശ്രവിക്കൽ, ചിത്രങ്ങൾ കാർട്ടൂണുകൾ നിർമ്മിക്കൽ അഭിപ്രായങ്ങൾ അവതരിപ്പിക്കൽ തുടങ്ങിയവ<br>5. പാഠഭാഗങ്ങൾ പരിചയപ്പെടുത്തി പാഠപുസ്തകം വായിച്ച് ചോദ്യോത്തരങ്ങൾ കണ്ടെത്താൻ പ്രാപ്തരാക്കൽ. | 4 മാസം | ചിത്രങ്ങൾ നോവലുകൾ കഥകൾ | സമഗ്ര PTA SRG Teachers | 250 |
| 2. | കുട്ടിയെ സാമൂഹ്യശാസ് ത്ര വിഷയം പഠിക്കാൻ പ്രാപ്തനാക്കുക | ആശയഗ്രഹണത്തിനായി ഗ്രൂപ്പ് പ്രവർത്തനം അനുബന്ധപഠന സാമഗ്രികളുടെ ഉപയോഗപ്പെടുത്തൽ<br>ICT യുടെ ഉപയോഗം വർക്ക് ഷീറ്റുകൾ നൽകി ഉത്തരം കണ്ടെത്തൽ<br>Flow chart കളുടെ നിർമ്മാണം<br>Digitalize പാഠഭാഗങ്ങൾ അവതരിപ്പിക്കൽ<br>ഗ്രൂപ്പ് പ്രവർത്തനത്തിലൂടെ സഹകരണവും സഹവർത്തിത്തവും ഉണ്ടാക്കി എടുക്കൽ, കണ്ടെത്തിയ കാര്യങ്ങൾ പൊതുവായി അവതരിപ്പിക്കൽ | Long period | പാഠപുസ്തകം, Libraries | സമഗ്ര SRG | |

| | | | | | | |
|---|---|---|---|---|---|---|
| 3. | കേരളത്തെക്കുറിച്ചും ഇന്ത്യയെക്കുറിച്ചും ലോകത്തെക്കുറിച്ചു മുള്ള അടിസ്ഥാന ധാരണയുാക്കി ദേശീയബോധവും അന്തർദേശീയ ധാരണയും സ്വായത്തമാക്കുന്നതിന് | ഭൂപട വിശകലന ത്തിലൂടെയും ICT സാധ്യത ഉപയോഗിച്ചും നിരീക്ഷിച്ചും ചുറ്റുപാട് മന സ്സിലാക്കാൻ പ്രാപ്തന ാക്കുന്നു. അതിരു കടക്കാത്ത ദേശീയ ബോധത്തിന്റെയും ലോകമേ തറവാട് എന്ന സങ്കല്പത്തിന്റേയും ആവശ്യകഥ ആധുന ികലോകത്തിന് എത്രമാത്രം അത്യന്താപേക്ഷിതമാണെന്ന് മനസ്സിലാക്കി പ്രവർത്തിക്കുവാൻ പ്രാപ്തനാക്കുന്നു. | Long term | ഭൂപടം Internet വീഡിയോ ക്ലിപ്പിംഗ്, Newspapers | SRG സമഗ്ര Teachers | |
| 4. | പരിസ്ഥിതി സംരക്ഷണം | സാമൂഹ്യശാസ്ത്ര വിഷയത്തിലെ ഏറ്റവും പ്ര ധാന ആശയമായ പരിസ്ഥിതി സംരക്ഷണം - ആശയ സ്വാംശീകരണത്തിന ും പരിസ്ഥിതി സംരക്ഷണത്തിനുമായുള്ള സ്ഥല സന്ദർശനങ്ങൾ. കുട്ടിയുടെ ചുറ്റുപാടും വീടിനടുത്തും സഞ്ചരിക്കുന്ന വഴികൾ, സ്കൂൾ പരിസരം തുടങ്ങിയ പ്രദേശങ്ങളുടെ സംരക്ഷണം, മലിന ീകരണ നിയന്ത്രണ ന ടപടികൾ, വിവിധ പരിസ്ഥിതി സംഘടനകൾ രൂപീകരിക്കാനും സംഘപ്രവർത്തന ങ്ങളിൽ പങ്കാളികളാകുന്നതി നും കാലാവസ്ഥയിൽ അന ുദിനം സംഭവിച്ചുകൊ ിരിക്കുന്ന മാറ്റങ്ങൾ തിരിച്ചറിഞ്ഞ് ബോധവത്ക്കരണപരിപാടി കൾ നടത്തി പരിസ്ഥിതി സംരക്ഷണത്തിൽ മന ുഷ്യന്റെ പങ്ക് തിരിച്ചറിഞ്ഞുകൊ് ഒരു കടമയാണെന്ന ബോധം ഉ ാക്കിയെടുക്കുന്നു. | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | സാമൂഹ്യശാസ്ത്ര ജ്ഞൻമാരുടെ സൃഷ്ടി - സാമൂഹ്യ ശാസ്ത്രലാബ് | ആധുനിക ശാസ്ത്രപൂരോഗതി മന സ്സിലാക്കുന്നതിനും ജീവിതത്തിലും ലോക ന ന്മക്കായും അവ ഉപയോഗപ്പെടുത്താൻ പ്രാപ്തനാക്കുന്നു<br>ICT സാദ്ധ്യത ഉപയോഗപ്പെടുത്തി ചിത്രങ്ങൾ, വീഡിയോകൾ, ഗ്രാഫുകൾ, ഡിജിറ്റൽ ആൽബം പ്രോജക്ടുകൾ മുതലായവ തയ്യാറാക്കുന്നതിനും സെമിനാറുകൾ സംഘടിപ്പിക്കൽ, മോഡലുകൾ നിർമ്മിക്കൽ, ഭൂപടനിർമ്മാണം എന്നിവയ്ക്കും ശാസ്ത്രകുതുകികളായ സാമൂഹ്യജീവികളാക്കി മാറ്റുവാനും അദ്ധ്യാപകരുടെ സഹായം കൂടാതെ സാമൂഹികശാസ്ത്ര പഠന ത്തിനും അധികവിജ്ഞാനം സ്വയം സ്വായത്തമാക്കാനും പഠനം രസകരവും ലളിതവും വിജ്ഞാന പ്രദവുമാക്കാനും<br><br>സാമൂഹിക ശാസ്ത്രലാബ്<br><br>• അടച്ചുറപ്പുള്ള സജ്ജീകരിച്ച ക്ലാസ്സ് റൂം<br>• Projector, E-Board, Computer അനുബന്ധ സാധനങ്ങൾ<br>• ഡിജിറ്റൽ ലൈബ്രറി<br>• ഗ്ലോബുകൾ,ഭൂപടങ്ങൾ<br>• ചാർട്ടുകൾ, ചിത്രങ്ങൾ<br>• സ്റ്റിരിയോ പെആക്ത<br>• സ്റ്റിരിയോ സ്കോപ്പ്<br>• Telescope<br>• വർക്കിംഗ് മോഡൽസ്, സ്റ്റിൽ മോഡൽസ് | | | | | 2000 |

# വിഷയം : അറബിക്

**പ്രശ്നം:** സ്വതന്ത്ര വായനക്ക് പ്രയാസം നേരിടുന്നു.
**ലക്ഷ്യം:** അറബി ഭാഷ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളെയും പ്രസ്തുത ഭാഷയിൽ മികച്ച വായനക്കാരാക്കുക

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായിക്കാം വളരാം هيا نقرأ | നിലാവാര പഠനം | ജൂൺ 12- 25 | AT | 100/- |
| | വിശകലനം | ജൂൺ 30 | AT | |
| | വായന സാമഗ്രികൾ ശേഖരിക്കൽ ( കാർഡ്, പുസ്തകങ്ങൾ എന്നിവ ) | ജൂലൈ- 15 | PTA, AC | 750/- |
| | തുടർവായന | ജൂലൈ 15 – ജനുവരി 15 | AT, AC | |
| | ആശയവിവരണം | ആഴ്ചയിൽ | AC | |
| | വായന ഫെസ്റ്റ് | ജനുവരി 1- 10 | PTA, AC | 1500/- |

**പ്രശ്നം:** സ്വതന്ത്ര ആശയ വിനിമയത്തിന് പ്രയാസം നേരിടുന്നു.
**ലക്ഷ്യം:** ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കൽ.

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബിയിൽ സംസാരിക്കാം **هيا نتكلم في العربية** | മെറ്റീരിയൽ ശേഖരിക്കുക | ജൂലൈ 1- 30 | PTA, AC | 500/- |
| | കേൾക്കാം പറയാം | ആഗസ്റ്റ് 5- ഡിസംബർ 30 | AC | |

**പ്രശ്നം:** അറബി ഭാഷ നിഘണ്ടു ഉപയോഗിക്കാൻ പ്രയാസം നേരിടുന്നു.
**ലക്ഷ്യം:** അറബി ഭാഷ പഠിക്കുന്ന വിദ്യാർത്ഥികളെ അറബിക് ഭാഷ നിഘണ്ടു ഉപയോഗിക്കാൻ പ്രപ്തരാക്കുന്നു.

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബിക് നിഘണ്ടു പരിചയപ്പെടാം<br>هيا نفهم معجم العربية | നിഘണ്ടു പരിചയപ്പെടൽ | ജൂൺ - ആഗസ്ത് | AT | |
| | ക്രിയകൾ മനസ്സിലാക്കൽ | ജൂൺ - ആഗസ്ത് | AT | |
| | എന്റെ നിഘണ്ടു | ജൂലൈ- ജനുവരി | AC | 200/- |

**പ്രശ്നം:** പദസമ്പത്തിന്റെ കുറവ്
**ലക്ഷ്യം:** പദസമ്പത്ത് വർദ്ധിപ്പിക്കൽ, അറബിക് ഭാഷയെ കൂടുതൽ അറിയൽ

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പദങ്ങളെ പരിചയപ്പെടാം | പദച്ചങ്ങല നിർമ്മാണം | ജൂലൈ- ജനുവരി | AC | 100/- |

| | | | | |
|---|---|---|---|---|
| هيا نفهم ألفاظ العربية | പദപയറ്റ് | ജൂലൈ | AC | 200/- |
| | പദകേളി | ജൂലൈ- ആഗസ്ത് | AC | 200/- |
| അറബിക് ക്ലബ്ബ്<br>نادي اللغة العربية | ക്ലബ്ബ് രൂപീകരണം | ജൂൺ 28 | AC | |
| | ക്ലബ്ബ് പ്രവർത്തന കലണ്ടർ | ജൂലൈ | AC, CLUB Members | |
| | **“അന്നശീത്ത്"** അറബിക് സ്കോളർഷിപ്പ് പരീക്ഷ | ആഗസ്ത്- സെപ്തംപർ | AC | 1000/- |

| | | | | |
|---|---|---|---|---|
| | **അറബിക് ഡേ** ദിനാചരണ കാമ്പയ്ൻ | സെപ്തംപർ- ഡിസംബർ | P TA, AC, CLUB | 1500/- |
| | മാഗസിൻ പ്രകാശനം | നവംബർ | AC, CLUB | 500/- |
| | ദിനാചരണങ്ങൾ | ജൂൺ- ജനുവരി | AC, CLUB | |

***AC: Academic Council***
***AT: Academic Teacher***

## മോണിറ്ററിംഗ്

- പദ്ധതിയുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിന് സഹായകമാകുന്ന ഒരു മോണിറ്ററിംഗ് രീതി നടപ്പിലാക്കേതാണ്.
- ഉദ്യോഗതലത്തിലുള്ള മോണിറ്ററിംഗ്
- സോഷ്യൽ മോണിറ്ററിംഗ് - **P. T. A, MPTA, SSG, SRG**
- ദൈനംദിന മോണിറ്ററിംഗ് – **HM, PTA PRESIDENT**

# ഉപസംഹാരം

ഞങ്ങളുടെ വിദ്യാലയത്തിൽ എത്തിച്ചേരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേൻമയുള്ള വിദ്യാഭ്യാസം തുല്യ അവസരങ്ങൾ പ്രദാനം ചെയ്തുകൊ് ഉറപ്പാക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ആത്മവിശ്വാസവും, സഹജീവി സ്നേഹവും സാമൂഹിക പ്രതിബദ്ധതയുമുള്ള ഒരു പുതു തലമുറയെ വാർത്തെടുക്കാൻ ഈ വികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുമെന്ന് സാധ്യമായ ഏറ്റവും നല്ല വിദ്യാഭ്യാസം ഞങ്ങളുടെ കുട്ടികൾക്കെല്ലാം ഉറപ്പാക്കുക എന്ന ലക്ഷ്യമാണ് ഞങ്ങൾക്ക് ഉള്ളത്. കേരളത്തിന്റെ തനിമ എന്ന് നാം എല്ലാം കരുതുന്ന മതനിരപേക്ഷ, ജനാധിപത്യ മൂല്യബോധം ഞങ്ങളുടെ കുട്ടികളിൽ ഉളവാക്കാൻ സഹായകരമായ പഠനാന്തരീക്ഷം ഉറപ്പ് വരുത്തും. ആത്മവിശ്വാസത്തോടെ നേടിയ അറിവിനെ ജീവിതവുമായി ബന്ധിപ്പിക്കാനും ഭാവി ജീവിതത്തിൽ പ്രയോജനപ്പെടുത്താനുമുള്ള കഴിവും ശേഷിയും വികസിപ്പിക്കുമെന്ന് നിശ്ചയദാർഢ്യത്തോടെ ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.